സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർ ബ്രിഡ്ജ്, തിരുവനന്തപുരം 695001

☎0471-2468690

ഫയൽ നമ്പർ.സി.എസ്.ഇ.ബി /ജി&ഇ/27/ 2017

യോഗ്യത പരീക്ഷാ വിജ്ഞാപനം - **7/2022**

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി- **31.08.2022**

**വിജ്ഞാപന തീയതി :02.08.2022** വൈകുന്നേരം 5.00 മണി.

**1969** ലെ കേരള സഹകരണ നിയമം ചട്ടം 185 (5) പ്രകാരം യോഗ്യത നിർണ്ണയ പരീക്ഷ യുടെ ഭാഗമായി കേരള സഹകരണ നിയമം ചട്ടം 185 (2) (iv) പ്രകാരം 10 കോടി രൂപയിൽ Aധി കരിച്ച നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ / അർബൻ ബാങ്കുകളിലെ അസി സ്റ്റന്റ് സെക്രട്ടറി/ മാനേജർ/തത്തുല്യ തസ്തികകളിലേയ്ക്കും, കേരള സഹകരണ നിയമം ചട്ടം 185 (2) (iii) പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ ഡെപ്യൂട്ടി മാനേജർ, കേരള സഹകരണ നിയമം ചട്ടം 185 (6) പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, റീജിയ ണൽമാനേജർ/തത്തുല്യതസ്തികകളിലേയ്ക്കും യോഗ്യത നിർണ്ണയ പരീക്ഷയക്ക് ബന്ധപ്പെട്ട ഫീഡർ തസ്തികയിലുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

| | | |
|---|---|---|
| **I** | (1)അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ/ തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (2) (iv)) | പത്ത്കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘം/ ബാങ്കുകൾ |
| | (2) അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ/ തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (2) (iv)) | പത്ത്കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അർബൻ ബാങ്കുകൾ |
| **II.** | ഡെപ്യൂട്ടി മാനേജർ / അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് ആഫീസർ (കേരള സഹകരണ നിയമം ചട്ടം 185 (2) (iii)) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് |
| **III.** | ഫിനാൻസ് മാനേജർ **I &II**/അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് മാനേജർ /കോർ ഫാകൽറ്റി (കേരള സഹകരണ നിയമം ചട്ടം 185 (6)) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് |
| **IV.** | റീജിയണൽ മാനേജർ (കേരള സഹകരണ നിയമം ചട്ടം 185 (6) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് |
| **V.** | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (6) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് |

**( G O.(RT))No:249/2021/Co-op.dated 13.04.2021)**

**( G O.(P))No:200/2021/Co-op.dated 31.12.2021)**

**A.** പ്രൊമോഷൻ തസ്തികയുടെ ഫീഡർ കാറ്റഗറി തസ്തികയിലെ ജീവനക്കാർക്ക് മാത്രമേ യോഗ്യതാ പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിയ്ക്കുകയുള്ളൂ.

**B.** ജീവനക്കാർ യോഗ്യതാ പരീക്ഷയ്ക്ക് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അപേക്ഷ ഫാറം പൂരിപ്പിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മുഖ്യ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലൊപ്പോടു കൂടി ടി സ്ഥാപനം മുഖാന്തിരം **31.08.2022** ന് വൈകിട്ട് 5 മണിയ്ക്കു മുൻപായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ആഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ഇപ്പോഴത്തെ തസ്തിക, **Appendix III** പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയുടെ നിലവിലെ ക്ലാസ്സിഫിക്കേഷൻ എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷയോടൊപ്പം സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പേരിൽ CTS പ്രകാരം മാറ്റി എടുക്കാവുന്ന ആയിരത്തി അഞ്ഞൂറ് (1500) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. **കവറിനു മുകളിൽ പ്രൊമോഷൻ പരീക്ഷയുടെ അപേക്ഷ** എന്ന് വ്യക്തമായി രേഖപ്പെടുത്തണം.അപേക്ഷയുടെ മാതൃക www.csebkerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

ടി.എം. മാത്യു.
ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
ഓവർ ബ്രിഡ്ജ്, തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **02.08.2022**